ദേശാഭിമാനി 2019 ജൂൺ 7 വെള്ളി

# ഇ എം എസ് അക്കാദമിയിൽ ജൈവവൈവിധ്യ സംരക്ഷണത്തിന് മിയാവാക്കി പച്ചത്തുരുത്തും

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

വിളപ്പിൽശാല ഇ എം എസ് അക്കാദമിയിൽ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളുടെ തുടർച്ചയായി മിയാവാക്കി പച്ചത്തുരുത്ത് ഒരുക്കുന്ന പദ്ധതിക്ക് തുടക്കമായി. സിപിഐ എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ വൃക്ഷത്തൈ നട്ട് പദ്ധതി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ, ഏരിയ സെക്രട്ടറി കെ സുകുമാരൻ, ഐ ബി സതീഷ് എംഎൽഎ, കേരള ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്പ്മെന്റ് കോർപറേഷൻ ചെയർമാൻ കെ എസ് സുനിൽകുമാർ എന്നിവർ പങ്കെടുത്തു.

ജപ്പാനിലെ പരിസ്ഥിതി പ്രവർത്തകനായ ഡോ. അക്കീര മിയാവാക്കി രൂപകൽപ്പന ചെയ്ത വനമാതൃകയായ മിയാവാക്കി രീതിയിലുള്ള പച്ചത്തുരുത്തിന്റെ സൃഷ്ടിക്കായാണ് കോടിയേരിയുടെ നേതൃത്വത്തിൽ വൃക്ഷത്തൈകൾ നട്ടത്. തനത് വൃക്ഷങ്ങളും തദ്ദേശീയസസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക വനമാതൃകകൾ സൃഷ്ടിച്ച് സംരക്ഷിക്കും. പത്തുപതിനഞ്ച് വർഷത്തിനുള്ളിൽ ഈ പച്ചത്തുരുത്ത് നൂറ്റാണ്ടുകൾ പഴക്കമുള്ള നിബിഡവന പ്രതീതി സൃഷ്ടിക്കും. നൂറ്റമ്പതോളം ഇനത്തിൽപ്പെട്ട ആയിരം വൃക്ഷത്തൈകളാണ് ഇതിനായി നട്ടുപിടിപ്പിക്കുന്നത്.



**ലോക പരിസ്ഥിതി ദിനത്തിൽ ഇ എം എസ് അക്കാദമിയിൽ സിപിഐ എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ വൃക്ഷത്തൈ നടുന്നു. ഐ ബി സതീഷ് എംഎൽഎ സമീപം**

പച്ചത്തുരുത്തിനൊപ്പം വനവൽക്കരണവും പദ്ധതിയുടെ ഭാഗമാണ്. അക്കാദമിയിൽ നിലവിലുള്ള ജൈവവൈവിധ്യ ഉദ്യാനത്തിലും ഔഷധത്തോട്ടത്തിലും ഇതര ഫലവൃക്ഷത്തോട്ടങ്ങളിലും വഴിയോരങ്ങളിലും വിവിധ ഇനങ്ങളിലായി ആയിരത്തിയഞ്ഞൂറോളം തൈകൾ നട്ടുപിടിപ്പിക്കുന്നതും പദ്ധതിയുടെ ഭാഗമാണ്.